*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

175th Issue - Volume 5, No. 9 **ജാഗ്രത** 11th March 2011

"ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും , എന്തു പാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ. "

(മത്തായി 6:25)




## പ്രധാന വാർത്തകൾ

യുവജനങ്ങൾ നന്മയുടെ വിളക്ക് തെളിക്കണം: മാർ ജോസഫ് കല്ലറങ്ങാട്ട്

---

ന്യൂനപക്ഷ സ്ഥാപനങ്ങളെ അംഗീകരിക്കാത്തതു ന്യൂനപക്ഷ പീഡനം: മാർ ജോസഫ് പവ്വത്തിൽ

---

നന്മ ചെയ്യുന്ന ഏതു പ്രവർത്തനവും സുവിശേഷവത്കരണം: മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ

---

വനിതകൾ മൂല്യാധിഷ്ഠിത ജീവിതത്തിലൂടെ മുന്നേറണം: ബിഷപ് ജോസഫ് കാരിക്കശേരി

---

മതവിദ്വേഷത്തിന്റെ പേരിൽ കൊല്ലപ്പെട്ടവർ 75% വും ക്രിസ്ത്യനികൾ

---

ഇറാക്കിലെ ക്രൈസ്തവർക്കെതിരായുള്ള അക്രമങ്ങൾ മൃഗീയതയുടെ അടയാളമെന്ന് ഇന്ത്യൻ മുസ്ലിം പണ്ഡിതൻ.

---

ആരാധനക്രമത്തിലെ അപഭ്രംശങ്ങൾ ക്രൈസ്തവ വിശ്വാസത്തെ ബലഹീനമാക്കും: കർദ്ദിനാളന്മാർ

---

## വാരാന്ത്യവീക്ഷണം

തെരഞ്ഞെടുപ്പ്: പാർട്ടികളെ വിലയിരുത്തുന്ന വേദി.

---

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

## യുവജനങ്ങൾ നന്മയുടെ വിളക്ക് തെളിക്കണം: മാർ ജോസഫ് കല്ലറങ്ങാട്ട്



സമൂഹത്തിൽ നന്മയുടെ വിളക്ക് തെളിച്ചു പുരോഗതിയുടെ വക്താക്കളായി മാറേണ്ടവരാണു യുവജനങ്ങളെന്നു പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. കെസിവൈഎം സംസ്ഥാന പ്രവർത്തനവർഷം മരങ്ങാട്ടുപിള്ളിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യുവജനങ്ങളുടെ ഹൃദയത്തിൽ നന്മയുടെയും സമാധാനത്തിന്റെയും വിത്തുകളാണു സഭ പാകുന്നത്. അതുൾക്കൊണ്ടു സമൂഹത്തിൽ മതമൈത്രിയുടെയും മാനവികതയുടെയും വിളക്കു തെളിക്കാൻ യുവജനങ്ങൾക്കാകണം. ഒന്നിച്ചു ചിന്തിച്ചും പ്രവർത്തിച്ചും തീരുമാനമെടുത്തും നവരാഷ്ട്ര നിർമിതിക്കായി യുവജനങ്ങൾ പരിശ്രമിക്കണം. കെസിവൈഎമ്മിന്റെ 2011 ലെ ഊന്നൽ മേഖലയായ പരിസ്ഥിതി ആത്മീയത വളരെ പ്രധാനപ്പെട്ടതാണെന്നും, പരിസ്ഥിതി ആത്മീയതയുടെ ഏറ്റവും വലിയ വക്താവ് യേശുക്രിസ്തുവാണെന്നും മാർ കല്ലറങ്ങാട്ട് പറഞ്ഞു. കെ.എം. മാണി എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾക്കെതിരേ യുവജനങ്ങൾ വ്യക്തമായ ദർശനത്തോടെ അനുയോജ്യമായ മറുപടി നൽകണമെന്ന് അദ്ദേഹം പറഞ്ഞു. ഇന്നു നടക്കുന്ന ഭീകരപ്രവർത്തനങ്ങൾക്കു കാരണം ജനങ്ങളുടെ പ്രത്യാശയില്ലായ്മയാണെന്നും അതിനുള്ള പരിഹാരം എല്ലാവരെയും ആത്മാർഥമായി സ്നേഹിക്കുകയാണു വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ന്യൂനപക്ഷ സ്ഥാപനങ്ങളെ അംഗീകരിക്കാത്തതു ന്യൂനപക്ഷ പീഡനം: മാർ ജോസഫ് പവ്വത്തിൽ



ന്യൂപക്ഷങ്ങൾ തങ്ങളുടെ വിദ്യാർഥികൾക്കായി സ്ഥാപിച്ചു നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ന്യൂനപക്ഷ സ്ഥാപനങ്ങളായി അംഗീകരിച്ചു സാക്ഷ്യപത്രം നൽകാൻ കേരള സർക്കാർ തയാറാകാത്തതു സർക്കാരിന്റെ ന്യൂനപക്ഷ പീഡനത്തിന്റെ ഭാഗമായിട്ടു പൊതുവേ കരുതപ്പെടുമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. വർഷങ്ങളായി പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിൽ ചിലതിന് ഒരുനൂറ്റാണ്ടിലേറെ പഴക്കമുണ്ട്. കോടതികൾ ന്യൂനപക്ഷ സ്ഥാപനങ്ങളായി അംഗീകരിച്ചിട്ടു ള്ളവയാണ് ഇവയിൽ പലതും. കേരളസർക്കാർ സാക്ഷ്യപത്രം നൽകാത്തതിനാൽ ഓരോ വിദ്യാലയവും ഡൽഹിയിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള ദേശീയ സമിതിയിൽ അപേക്ഷ സമർപ്പിച്ച് അവിടെനിന്ന് സാക്ഷ്യപത്രങ്ങൾ സ്വീകരിക്കേണ്ട സാഹചര്യമാണുള്ളത്. ഏറെ പണവും സമയവും ഇക്കാര്യത്തിനായി വേണ്ടിവരുന്നു. ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശങ്ങൾ ന്യൂനപക്ഷങ്ങൾക്കു നിഷേധിക്കാൻ തന്ത്രപൂർവം ശ്രമിക്കുന്നതിന്റെ ഭാഗമായി മാത്രമേ ഈ നിലപാടിനെ കരുതാൻ കഴിയൂ. ഇതു ഭരണഘടനാപരമായ അവകാശ നിഷേധവും ന്യൂനപക്ഷ പീഡനവുമാണ്. ഈ നിലപാട് സംസ്ഥാന സർക്കാർ തിരുത്തണമെന്നും അദ്ദേഹം പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## നന്മ ചെയ്യുന്ന ഏതു പ്രവർത്തനവും സുവിശേഷവത്കരണം: മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ



മനുഷ്യനു നന്മചെയ്യുന്ന ഏതു പ്രവർത്തനവും സുവിശേഷവത്കരണത്തിന്റെ ഭാഗമാണെന്നു മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. മലങ്കര കത്തോലിക്കാ സഭ വൈദികസംഗമം സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ഹാളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വൈദികവൃത്തി വെല്ലുവിളികൾ നിറഞ്ഞതാണ്. ത്യാഗത്തിന്റെയും സേവനത്തിന്റെയും മഹത്വത്തിന്റെയും പൂർണരൂപം വൈദികനിൽ ദർശിക്കേണ്ടതാണ്. പൗരോഹിത്യ ശുശ്രൂഷയുടെ നന്മകൾ മനുഷ്യ ഹൃദയത്തിലേക്ക് എത്തിക്കാൻ ജീവിതം മുഴുവൻ സമർപ്പണം ചെയ്തവരാണു വൈദികർ. സുവിശേഷവത്കരണത്തിന്റെ പന്ഥാവ് വെട്ടിത്തുറക്കാൻ വൈദികർക്കാകണം. ദൈവകൃപയുടെ ശില്പികളാണവർ. ദൈവകൃപയിലൂടെ മാത്രമേ സമൂഹത്തിനു നന്മകൾ ചെയ്യാനാകൂയെന്നും കാതോലിക്കാ ബാവ പറഞ്ഞു.സിനഡ് കമ്മീഷൻ ചെയർമാൻ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച യോഗത്തിൽ തിരുവല്ല അതിരൂപതാധ്യക്ഷൻ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പ്രസംഗിച്ചു.

ബിഷപ്പുമാരായ ഗീവർഗീസ് മാർ തിമോത്തിയോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ഏബ്രഹാം മാർ യൂലിയോസ്, ജോസഫ് മാർ തോമസ്, വിൻസന്റ് മാർ പൗലോസ്, ജേക്കബ് മാർ ബർണബാസ്, തോമസ് മാർ അന്തോണിയോസ്, സാമുവേൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, തോമസ് മാർ യൗസേബിയോസ് തുടങ്ങിയവരും സമ്മേളനത്തിൽ പങ്കെടുത്തു.തുടർന്നു നടന്ന സെമിനാറിൽ മലങ്കര കത്തോലിക്കാ സഭയിലെ വൈദികരുടെ വിളിയും ദൗത്യവും എന്ന വിഷയത്തിൽ തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിലും ആധുനിക

കാലഘട്ടത്തിൽ വൈദികർ നേരിടുന്ന വെല്ലുവിളികളും വിശ്വാസികളുടെ പ്രതീക്ഷകളും എന്ന വിഷയത്തിൽ എഡിജിപി ഡോ. അലക്സാണ്ടർ ജേക്കബും ക്ലാസ് നയിച്ചു.

**വനിതകൾ മൂല്യാധിഷ്ഠിത ജീവിതത്തിലൂടെ മുന്നേറണം: ബിഷപ് ജോസഫ് കാരിക്കശേരി**

---



ശാസ്ത്ര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ സ്വായത്തമാക്കി തൊഴിൽ മേഖലയിൽ പുതിയ വിപ്ലവം സൃഷ്ടിക്കുന്നതിനു വനിതകൾ മുന്നോട്ടു വരണമെന്നും മൂല്യാധിഷ്ഠിത ജീവിതത്തിലൂടെ കുടുംബത്തിനും രാജ്യത്തിനും നേതൃത്വം വഹിക്കുവാൻ തയാറാകണമെന്നും കോട്ടപ്പുറം ബിഷപ് ഡോ. ജോസഫ് കാരിക്കശേരി പറഞ്ഞു. അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തോടനുബന്ധിച്ചുള്ള സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആയുർവേദ രംഗത്തെ സമഗ്ര സംഭാവനക്കു കണ്ടംകുളത്തി ആയുർവേദ ആശുപത്രി ചീഫ് ഫിസിഷ്യൻ ഡോ. റോസ്മേരി വിൽസനെ ആദരിച്ചു.

**മതവിദ്വേഷത്തിന്റെ പേരിൽ കൊല്ലപ്പെട്ടവർ 75% വും ക്രിസ്ത്യനികൾ**

---

മതവിദ്വേഷത്തിന്റെ പേരിൽ കൊല്ലപ്പെട്ടവരിൽ 75% വും ക്രിസ്ത്യനികളാണെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ ജനീവ ഓഫീസിലെ സ്ഥിരം പ്രതിനിധി പ്രസ്താവിച്ചു. യു.എൻ. ന്റെ മതസ്വാതന്ത്ര്യത്തിനായുള്ള മനുഷ്യാവകാശ സമിതിയിലെ വത്തിക്കാന്റെ സ്ഥിരാംഗമായ ആർച്ചുബിഷപ് സിൽവാനോ തോമസിയാണ് സമിതിയുടെ 16-ാം വാർഷിക സമ്മേളനത്തിൽ ഇക്കാര്യം വെളിപ്പെടുത്തിയത്.

മതസ്വാതന്ത്ര്യമെന്നത് കേവലം ആരാധനാസ്വാതന്ത്ര്യം മാത്രമല്ലെന്ന് അദ്ദേഹം വ്യക്തമാക്കി. വിദ്യാഭ്യാസം നല്കുന്നതിലും ആതുരശുശ്രൂഷ നല്കുന്നതിലും മതസമൂഹങ്ങൾക്കുള്ള സ്വാതന്ത്ര്യം അംഗീകരിക്കുന്നതും മതസ്വാതന്ത്ര്യത്തിന്റെ തന്നെ ഭാഗമാണ്. ഇക്കാര്യങ്ങളിലുള്ള സ്വാതന്ത്ര്യം നിക്ഷേധിക്കുന്നത് മതസ്വാതന്ത്ര്യത്തിന്റെ മേലുള്ള കടന്നുകയറ്റമാണ്.

എല്ലാ മതങ്ങൾക്കും പരസ്പരമുള്ള സഹവർത്തിത്വം വളർത്തുന്നതിൽ വലിയ പങ്കുവഹിക്കാനുണ്ട്. രാഷ്ട്രങ്ങൾക്കും ഇക്കാര്യത്തിൽ നിർണ്ണായകമായ പങ്കുവഹിക്കാനാകും. ആർച്ചുബിഷപ് തോമസി മാർച്ച് 4-ാം തിയതി നടന്ന സമ്മേളനത്തിൽ വ്യക്തമാക്കി.

**ഇറാക്കിലെ ക്രൈസ്തവർക്കെതിരായുള്ള അക്രമങ്ങൾ മൃഗീയതയുടെ അടയാളമെന്ന് ഇന്ത്യൻ മുസ്ലിം പണ്ഡിതൻ.**

---

ഇറാക്കിലെ ബാഗ്ദാദിൽ ക്രൈസ്തവ ദൈവാലയങ്ങൾക്കെതിരായി നടക്കുന്ന അക്രമണങ്ങളും ഈ ദിവസങ്ങളിൽ ക്രൈസ്തവരെ മൊസൂളിലും മറ്റും ആസൂത്രിതമായ അക്രമത്തിലൂടെ കൊലപ്പെടുത്തിയതും മൃഗീയമായകുറ്റമാണെന്ന് ഇന്ത്യയിലെ മുസ്ലീം പണ്ഡിതരിൽ പ്രമുഖനായ അസ്സർ അലി എഞ്ചിനിയർ പ്രസ്താപിച്ചു. ഇസ്ലാം മതത്തിന്റെ നിലപാടുകൾക്കു നിരക്കുന്നതല്ല ഈ അക്രമങ്ങൾ അദ്ദേഹം നല്കിയ ഇന്റർവ്യൂവിൽ അസ്സർ അലി എഞ്ചിനിയർ വ്യക്തമാക്കി.

കാർ ബോംബുകൾ ബാഗ്ദാദിലെ കൽദായ സഭയുടെയും ഓർത്തഡോക്സ് സഭകളുടെയും ഏഴ് ദൈവാലയങ്ങളാണ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ തകർത്തത്. നാലുപേർ മരിച്ച സംഭവങ്ങളിൽ ഇരുപതിൽ ഏറെ പേർക്ക് ഗുരുതരമായ പരുക്കുപറ്റുകയുംചെയ്തിരുന്നു.

തീവ്രവാദികൾക്ക് പ്രത്യേകിച്ച് നിയമങ്ങളോ ചട്ടങ്ങളോ ഒന്നുമില്ല. പ്രതികാരം മതവിശ്വാസവുമായി ചേർന്നുപോകുന്ന കാര്യമല്ലല്ലോ. ഈശ്വര വിശ്വാസികൾക്ക് ക്ഷമിക്കാനും പൊറുക്കാനുമാണ് കഴിയുക. അല്ലാതെ പ്രതികാരം ചെയ്യാനല്ല. എഞ്ചിനിയർ വ്യക്തമാക്കി.

മതങ്ങൾ തമ്മിലുള്ള സംവാദങ്ങൾ ശക്തിപ്പെടുത്തുകയും പരസ്പര വിശ്വാസം വളർത്തുകയും ചെയ്യാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

**ആരാധനക്രമത്തിലെഅപഭ്രംശങ്ങൾ ക്രൈസ്തവ വിശ്വാസത്തെ ബലഹീനമാക്കും: കർദ്ദിനാളന്മാർ**

---

ക്രൈസ്തവ വിശ്വാസത്തെ ബലഹീനമാക്കുന്നതിന്റെയും, സ്വാർത്ഥതയുടെ വളർച്ചയുടെയും വി. കുർബാനയിൽ പങ്കെടുക്കുന്നലരുടെ എണ്ണം കുറയുന്നതിന്റെയും കാരണം ആരാധന ക്രമാനുഷ്ടാനങ്ങളിലെ അപഭ്രംശങ്ങളും ആദരവോടെയല്ലാത്ത വി. കുർബാനയർപ്പണവുമാണെന്ന് വത്തിക്കാനിലെ രണ്ടു കർദ്ദിനാളന്മാർ വ്യക്തമാക്കി.

നമ്മളാണ് വി.കുർബാനയുടെകേന്ദ്രമെന്ന തെറ്റിദ്ധാരണയിൽ അർപ്പിക്കുന്ന വി.കുർബാന വിശ്വാസക്ഷയത്തിലേക്കു നയിക്കും. വത്തിക്കാനിലെ ട്രൈബ്യൂണലിന്റെ തലവൻ കർദ്ദിനാൾ റെയ്മണ്ട് ബൂർക്കെ വ്യക്തമാക്കുന്നു. ദൗർഭാഗ്യകരമെന്നു പറയട്ടെ കുറേയേറെ വൈദികരും കുറച്ചു മേലദ്ധ്യക്ഷന്മാരും ആരാ

ധനക്രമ നിയമങ്ങളുടെ ലംഘനം അപ്രധാനമായി കാണുന്നു.യഥാർത്ഥത്തിൽ അത് കടുത്തദുരുപയോഗ മാണുതാനും. കർദ്ദിനാൾ ചൂണ്ടിക്കാട്ടി.

കുദാശകൾക്കും ദൈവാരാധനക്കുമായുള്ള തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ അന്റോണിയോ സി. ലോവെരാ വൈദികരിൽ പലരും ആരാധനക്രമ നിയമങ്ങളുടെ ലംഘനം ലഘുവായി കാണണം. യഥാർത്ഥത്തിൽ അത് വലിയ വീഴ്ചയാണ്. എന്ന് വ്യക്തമാക്കി.

ഫാ.നിക്കോള ബക്സ് എഴുതിയ ആരാധനക്രമ നിയമങ്ങളും വിശ്വാസ വ്യതിചലനങ്ങളും വിലയിരുത്തുന്ന പുസ്തകത്തിന്റെ പ്രകാശന വേളയിലാണ് കർദ്ദിനാളന്മാർ തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തിയത്.

## വാരാന്ത്യവീക്ഷണം

### തെരഞ്ഞെടുപ്പ്: പാർട്ടികളെ വിലയിരുത്തുന്ന വേദി.

തെരഞ്ഞെടുപ്പുകൾ ജനാധിപത്യ സംവിധാനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. കക്ഷിരാഷ്ട്രിയത്തിലൂന്നിയ ജനാധിപത്യസംവിധാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രീയ കക്ഷിയുടെ നിലപാടാണ്. ജനാധിപത്യ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുക. അതുകൊണ്ടുതന്നെ നമ്മുടെ തിരഞ്ഞടുപ്പിൽ ഏറ്റവും ശ്രദ്ധയോടെ വിലയിരുത്തേണ്ടത്. രാഷ്ട്രീയപാർട്ടികളെയും അവരുടെ പ്രത്യയശാസ്ത്രനിലപാടുകളെയുമാണ്.

രാഷ്ട്രീയ കക്ഷിയുടെ നിലപാടിനു വിരുദ്ധമായി നിലപാടെടുക്കാനും അഭിപ്രായം രേഖപ്പെടുത്താനും നിയമസഭയിലെ അവരുടെ പ്രതിനിധികൾക്കു കഴിയുകയില്ല. വിപ്പു നല്കിയാൽ അതനുസരിച്ച് വോട്ടുചെയ്യാൻ പാർട്ടി അംഗങ്ങളായ എം.എൽ.എ മാർ ബാദ്ധ്യസ്ഥരാണ്. വ്യക്തിപരമായി അവർ എന്തൊക്കെ അഭിപ്രായങ്ങൾ പുലർത്തുന്നവരാണെങ്കിലും അസംബ്ലിയിൽ തീരുമാനങ്ങളെടുക്കുമ്പോൾ എല്ലാത്തിനും ഉപരിയായി നില്ക്കുന്നത് പാർട്ടിയുടെ നിലപാടുതന്നെയാണ്.

അതുകൊണ്ടാണ് തിരഞ്ഞെടുപ്പിൽ ആത്യന്തികമായി വിലയിരുത്തേണ്ടത് രാഷ്ട്രീയ പാർട്ടികളെയുംഅവരുടെ മുന്നണികളെയും അവരുടെ പ്രത്യയശാസ്ത്രനിലപാടുകളെയുമാണെന്നു പറയുക. ആദ്യം പരിശോധിക്കേണ്ടത് ഏതു മുന്നണിക്കാരനാണ്സ്ഥാനാർത്തിയെന്നതും മുന്നണിയുടെ പ്രത്യയശാസ്ത്ര നിലപാടുമാണ്.അതേ തുടർന്ന് ഏതു രാഷ്ട്രിയ കക്ഷിയിലെ അംഗമാണ് സ്ഥാനാർത്ഥിയെന്നതും രാഷ്ട്രിയ കക്ഷിയുടെ പ്രത്യയശാസ്ത്ര നിലപാടുമാണ്. അതിനുശേഷം മാത്രംഅവരുടെ വ്യക്തി പരമായ മികവുകൾ വിലയിരുത്തണം.

വ്യക്തിപരമായ മികവുകളെ അടിസ്ഥാനമാക്കി വോട്ടു ചെയ്താൽ പലപ്പോഴും നമ്മുടെ കക്ഷിരാഷ്ട്രീയത്തിലൂന്നിയ ജനാധിപത്യം ഫലവത്താകില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ വ്യക്തിപരമായ മികവിന് അതിന്റേതായ പ്രാധാന്യം ഉണ്ടുതാനും. ഇക്കാര്യം മറന്നോ മറച്ചോ പ്രചരണം നടത്തുന്നവരെ നമ്മുക്കു കണ്ടെത്താൻ കഴിയും. ഇവിടെ യാഥാർത്ഥ്യബോധത്തോടെ വേണം തിരഞ്ഞെടുപ്പിനെ നേരിടാൻ

ആദ്യം ഏതു രാഷ്ട്രീയ മുന്നണി ഏതു രാഷ്ട്രീയ പാർട്ടി അവരുടെ പ്രത്യായ ശാസ്ത്രം എന്നിവ വിലയിരുത്തുക. അതിനു ശേഷം വ്യക്തിപരമായ മികവുകളും, തിരഞ്ഞെടുപ്പിൽ പൊതുസമൂഹം എടുക്കേണ്ട വിശകലന രീതി, പ്രത്യേകിച്ചും നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ, ഇപ്രകാരമായിരിക്കണമല്ലോ

JAGRATHA News

**“Jagratha News”** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA